ISSN-2455-0736(Print)
ISSN-2456-4052(Online)

# Biographical Trajectories of Historiography: A Study Based on 'Dantasimhasanam'

**Aysath Hassura BA**
aysathhassuraba@gmail.com

**ABSTRACT**

There is a general perception Among the reading community that history is a boring subject. Manu S. Pillai's 'The Ivory Throne ' is a book that is capable of changing this perception. This book conveys the historical facts easy to understand as reading a novel. It also turns out to be a biography of Rani sethu Lakshmi Bai. This study examines how such an attempt is made and whether it is successful.

**KEY WORDS:**

Power, History, Historiography, Biographical writing
അധികാരം,ചരിത്രം, ചരിത്രരചനാ വിജ്ഞാനീയം, ജീവചരിത്രമെഴുത്ത്

# "ചരിത്രമെഴുത്തിന്റെ ജീവചരിത്ര സഞ്ചാരങ്ങൾ: 'ദന്തസിംഹാസനം' അവലംബമാക്കിയുള്ള പഠനം"

**ആയിസത്ത് ഹസൂറ ബി എ**
ഗവേഷക, കേരള കേന്ദ്ര സർവകലാശാല

## 1.0 ആമുഖം

അനുനിമിഷം മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.മാറ്റങ്ങളുടെ വൈവിധ്യത്തിനും വ്യാപ്തിക്കും അനുസരിച്ച് ഭൂതകാലത്തെ അത്ഭുതത്തോടെയും ആവേശത്തോടെയും നോക്കിക്കാണാനുള്ള ശ്രമങ്ങളും ഉണ്ടാകുന്നു. ചരിത്രപഠനം എക്കാലത്തും പ്രസക്തവും സജീവവുമായിരിക്കുന്നത് പ്രധാനമായും ഈ കാരണം കൊണ്ടാണ്.വർത്തമാനത്തിൽ ജീവിച്ചു കൊണ്ട് ഭാവിയെ നോക്കിക്കാണുന്ന ഒരാൾ  തീർച്ചയായും തന്റെയും തന്റെ മുൻഗാമികളുടെയും ഭൂതകാലത്തെപ്പറ്റിക്കൂടി ബോധവാനായിരിക്കണം. എന്നാൽ മാത്രമേ ഏതൊരു ജീവിതവും ഏതൊരു അറിവും പൂർണമാവുകയുള്ളൂ. മനു. എസ് പിള്ളയുടെ തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രം പറയുന്ന 'ദന്തസിംഹാസനം' എന്ന പുസ്തകം ഒരു നോവൽ നൽകുന്ന വായനാനുഭവം നൽകിക്കൊണ്ട് ജീവചരിത്രത്തിന്റെ മാതൃകയിൽ തയ്യാറാക്കിയ ചരിത്രകൃതിയാണ്. തിരുവിതാംകൂർ

ISSN-2455-0736(Print)
ISSN-2456-4052(Online)

രാജവംശത്തെപ്പറ്റി ആരും പറയാത്ത ഒരുപാട് കാര്യങ്ങൾ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട്. തന്റെ നീണ്ട വർഷത്തെ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ അതിശയകരമായ കാര്യങ്ങൾ മനോഹരമായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.ചരിത്രരചനയുടെയും ജീവചരിത്രരചനയുടെയും ഉപാദാനങ്ങളെ മുൻനിർത്തിയുള്ള പഠനമാണ് പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്. ആധികാരികത നിലനിർത്തിക്കൊണ്ട്, ജീവിതചരിത്രരചനയുടെ ഉപാദാനങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ഈ ചരിത്രകൃതിയുടെ കുറിപ്പുകളിലൂടെയുള്ള പഠനമാണിത്.

ചരിത്രം ഭൂതകാലത്തെപ്പറ്റിയാണ് പറയുന്നതെങ്കിലും അതിന്റെ വെളിച്ചം വർത്തമാനകാലത്തിലേക്കു കൂടി പരക്കുന്നുണ്ട്. ഭൂതകാലം മാറുന്നില്ലെങ്കിലും ഭൂതകാലത്തെ കുറിച്ചുള്ള അറിവുകൾ മാറിക്കൊണ്ടിരിക്കുന്നു. ചരിത്രപഠനത്തിന്റെ ആദ്യകാലധാരണ ഭൂതകാലത്തിന്റെ പ്രത്യക്ഷവിവരണമാണ് ചരിത്രം എന്നായിരുന്നു. വസ്തുതകളെ അതേപടി രേഖപ്പെടുത്തിവെക്കൽ മാത്രമായിരുന്നു ആദ്യകാലങ്ങളിൽ ചെയ്തിരുന്നത്. ഇന്ന് ഇൗ ധാരണ പൂർണമായും മാറിയിട്ടുണ്ട്. കാലം മുന്നോട്ട് പോകുന്നതിനനുസരിച്ച് കൂടുതൽ തെളിവുകൾ ലഭിക്കുന്നു. ആ തെളിവുകൾ പഠനവിധേയമാക്കുന്ന രീതിശാസ്ത്രങ്ങളിലും സാങ്കേതികതകളിലും മാറ്റം വന്നിരിക്കുന്നു. ഇങ്ങനെ പുതുതായി ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അതുവരെ ഉണ്ടായിരുന്ന ചരിത്രം മാറിമറിഞ്ഞെന്നു വരാം. അതുകൊണ്ടാണ് ഭൂതകാലം അചഞ്ചലമാണെന്നും ഭൂതകാലത്തെപ്പറ്റിയുള്ള വിജ്ഞാനമാണ് മാറിക്കൊണ്ടിരിക്കുന്നതെന്നും പറയുന്നത്. അതായത് ചരിത്രം തെളിവുകളുടെ വ്യാഖ്യാനമാണ്.

അന്വേഷണം, ഗവേഷണം, സൂക്ഷ്മനിരീക്ഷണം എന്നൊക്കെ അർത്ഥം നൽകാവുന്ന ഒരു ഗ്രീക്ക് പദമാണ് ചരിത്രം(Istoria-History). ജർമൻ ഭാഷയിൽ 'ഗയിഷ്തെ' (Geschichte) എന്ന വാക്കാണ് ചരിത്രത്തിന് ഉപയോഗിക്കുന്നത്. 'ഗയിഷ്തേ' എന്നാൽ കഴിഞ്ഞകാല സംഭവങ്ങളുടെ ബുദ്ധിപരവും അർത്ഥപൂർണവുമായ വിവരണം ആണ്. 'ചരിത്രം' എന്ന പദത്തിനെ പലരും പലതരത്തിൽ നിർവചിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചരിത്രം ഒരുതരത്തിൽ ജീവിതം തന്നെയായതുകൊണ്ട് നിർവചനാതീതമാണെന്നു കാണാം. ഓരോ നിർവചനങ്ങളും വിട്ടുപോയ സംഭവങ്ങളെ പൂരിപ്പിക്കാനുള്ള ശ്രമമായി മാറുന്നു. ലോകത്തുള്ള എല്ലാ വിഷയങ്ങളും പരസ്പരം ബന്ധപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്ന ഒരു 'പൊതു ഇട'മായിട്ടാണ് ഇന്ന് ചരിത്രം മനസ്സിലാക്കപ്പെടുന്നത്. യൂറോ കേ ന്ദ്രിതമായ പഠന സമ്പ്രദായത്തിൽനിന്ന് നാം വലിയൊരളവിൽ മാറിയിരിക്കുന്നു. ഏകശിലാ മുഖമായ ചരിത്ര പഠനം ഇന്ന് അപ്രസക്തമായിരിക്കുന്നു. വ്യത്യസ്ത വിജ്ഞാന ശാഖകളുടെ സങ്കലനമാണ് ചരിത്ര നിർമ്മിതിയിൽ വർത്തമാനകാലത്ത് ഏറെ അഭികാമ്യം. അതിനാൽ ചരിത്രപഠനം അന്തർ വൈജ്ഞാനിക സ്വഭാവത്തോടു കൂടിയതാണ് ആധുനിക കാലത്ത്.

**1.1 ചരിത്രരചനാശാസ്ത്രം**

വസ്തുതകളുടെ കേവലമായ രേഖപ്പെടുത്തലും വിശകലനവും മാത്രമായിരുന്നു ആദ്യകാലങ്ങളിൽ ചരിത്രകാരന്മാർ ചരിത്ര രചനയിൽ ചെയ്തിരുന്നത്. പിന്നീടാണ് ഇൗ വസ്തുതകളുടെ തെരഞ്ഞെടുപ്പും സ്വാംശീകരണവും യുക്തിസഹമായ

ISSN-2455-0736(Print)
ISSN-2456-4052(Online)

വ്യാഖ്യാനവും ചരിത്രരചനയിൽ ഉൾപ്പെടുത്താൻ അവർ ആരംഭിച്ചത്. ചരിത്രവസ്തുതകളുടെ വ്യാഖ്യാനങ്ങളിലൂടെ ചിരിത്ര പഠനം ഇന്ന് വളരെയധികം വളർന്നിട്ടുണ്ട്. ചരിത്രകാരന്റെ പ്രാഥമികവും മുഖ്യവുമായ ധർമ്മം ഭൂതകാലാനു ഭവങ്ങൾ രേഖപ്പെടുത്തലല്ല, പകരം അവയെ വ്യാഖ്യാനിക്കുകയാണ് എന്ന് വാദിക്കു ന്നവരുമുണ്ട്. ഇങ്ങനെ രേഖപ്പെടുത്തുകളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും ഇവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ചർച്ചകളിലൂടെയുമാണ് ചരിത്രപഠനം ഇന്നു കാണുന്ന സ്ഥിതിയിൽ എത്തിച്ചേർന്നത് എന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാ കാനിടയില്ല.

പത്തൊൻപതാം നൂറ്റാണ്ടിലാണ് ചരിത്രപഠനം ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ ഒരു വിഷയമായി മാറുന്നത്. അന്നുവരെയുള്ള ചരിത്രരചനയുടെ രീതിശാസ്ത്ര ത്തെപ്പറ്റി ചരിത്രകാരന്മാർ ചിന്തിക്കാൻതുടങ്ങിയത് ഈ കാലയളവിലാണ്. നിയതമായ ഒരു രീതിശാസ്ത്രം മുൻനിർത്തിയല്ല അന്നുവരെയുള്ള ചരിത്രരചന നടന്നിരുന്നത് എന്ന് മനസ്സിലാക്കിയ ചരിത്രകാരന്മാർ ചരിത്രരചനയിൽ അനുവർത്തിക്കേണ്ട പുതിയ രീതികളും സാങ്കേതികതകളും വളർത്തിയെടുത്തു. ചുരുക്കത്തിൽ മുൻകാല ചരിത്രരചനാരീതികൾ മനസ്സിലാക്കാനുള്ള ശ്രമത്തിൽ നിന്നാണ് ചരിത്രരചനാശാസ്ത്രം (Historiography) ഉദയം കൊള്ളുന്നത്. 'ചരിത്രരചനയുടെ ചരിത്ര'മെന്നും 'ചരിത്രമെഴുത്തിന്റെ കല' എന്നും വ്യവഹരിക്കപ്പെടുന്ന ചരിത്രരചനാശാസ്ത്രം ചരിത്രമെഴുത്തിന്റെ ഉത്ഭവവും വളർച്ചയും അന്വേഷണ വിധേയമാക്കുന്ന വിജ്ഞാനമേഖലയാണ്.1'ചരിത്രത്തിന്റെ സിദ്ധാന്തം','ചരിത്രത്തിന്റെ ദർശനം',' ചരിത്രത്തിന്റെ ശാസ്ത്രം' എന്നിങ്ങനെ പലതരത്തിൽ ചരിത്രരചനാശാസ്ത്രത്തെ വ്യാഖ്യാനിക്കാറുണ്ട്. ഇവയെല്ലാം ഒരുപോലെ ഉൾക്കൊള്ളാൻ പറ്റുന്ന പദമാണ് 'ഹിസ്റ്റോറിയോഗ്രഫി'. അത് ചരിത്രത്തിന്റെ ഭാഗമായി നിൽക്കുമ്പോൾത്തന്നെ ഒരു സ്വതന്ത്രപഠനശാഖയുമാണ്.

ഒരു വിജ്ഞാനശാഖ എന്ന നിലയിലുള്ള ചരിത്രത്തിന്റെ വളർച്ചയെയാണ് ചരിത്രരചനാശാസ്ത്രം സൂചിപ്പിക്കുന്നത്. അത് ഭൂതകാലത്തെപ്പറ്റിയുള്ള പഠനമല്ല, പകരം ഭൂതകാലസംഭവങ്ങൾക്ക് ചരിത്രകാരന്മാർ നൽകുന്ന വ്യാഖ്യാനങ്ങളുടെ പഠനമാണ്. "ഓരോ കാലഘട്ടത്തിലും ചരിത്രം എന്ന ജ്ഞാനരൂപം കൈകാര്യം ചെയ്യപ്പെട്ട രീതി, ചരിത്രരചനയെ സ്വാധീനിച്ച ഘടകങ്ങൾ, സ്വീകരിക്കപ്പെട്ട രീതിശാസ്ത്രധാരകൾ, സ്വാധീനിച്ച ദർശനങ്ങൾ, ചരിത്രകാരന്മാരുടെ സംഭാവനകൾ തുടങ്ങിയവയെല്ലാംതന്നെ ചരിത്രരചനാ ശാസ്ത്രത്തിന്റെ അന്വേഷണ പരിധിയിൽ വരുന്നു"[2].' വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള നിരന്തരമായ സംവാദമാണ് ചരിത്രം' എന്നാണ് കാർലെ അഭിപ്രായപ്പെടുന്നത്. അങ്ങനെയാണെങ്കിൽ ഭൂതകാലത്തെക്കുറിച്ചുള്ള പഴയതും പുതിയതുമായ അഭിപ്രായങ്ങളുടെ വിശക ലനവും വാദപ്രതിവാദങ്ങളുമാണ് ചരിത്രരചനാശാസ്ത്രം എന്നു പറയാം. ഭൂതകാലം എങ്ങനെയൊക്കെയാണ് പ്രതിനിധീകരിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കാൻ ചരിത്രരചനാശാസ്ത്രത്തിലൂടെ പഠിതാവിന് സാധിക്കുന്നു. റൂസോയുടെ അഭിപ്രായ ത്തിൽ ഒരുപാടു നുണകളിൽ നിന്നും സത്യത്തോട് ഏറ്റവും അടുത്ത ഒരു നുണ തെരഞ്ഞെടുക്കുന്ന ഒരു പ്രക്രിയയാണ് ചരിത്രം. 'സത്യം' അഥവാ ചരിത്രം

ISSN-2455-0736(Print)
ISSN-2456-4052(Online)

തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ചരിത്രകാരന്മാർ തെളിവുകൾ ഉപയോഗിക്കുന്ന രീതി ഒന്നിനൊന്ന് വ്യത്യസ്തമായിരിക്കും.

വസ്തുതകളും (Facts) തെളിവുകളും (Evidences) ചരിത്രരചനയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ ആണ്.തെളിവുകളുടെ വിവിധ തരത്തിലുള്ള വ്യാഖ്യാനങ്ങളിലൂടെ സംഭവങ്ങളുടെ അർത്ഥതലങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. ഇങ്ങനെ ഒരേ തെളിവുസാമഗ്രിയെ തന്നെ വിവിധ വീക്ഷണങ്ങളിലൂടെ നോക്കിക്കാണാനും സ്വന്തം ചിന്താസരണിയെ നിർമിച്ചെടുക്കാനും ചരിത്രരചനാശാസ്ത്രം സഹായിക്കുന്നു.

ചരിത്രരചനാശാസ്ത്രം കൈകാര്യം ചെയ്യുന്ന പൊതുവിഷയങ്ങൾ ഇവയാണ്;

ഉപാദാനങ്ങളുടെ വിശ്വാസ്യത തെളിയിക്കുന്നു.

ചരിത്രരചനാരീതികളിലുള്ള വ്യത്യാസം.

യാഥാസ്ഥിതിക വ്യാഖ്യാനങ്ങളുടെ പൊളിച്ചെഴുത്ത്.

'ഉപാദാനങ്ങളില്ലെങ്കിൽ ചരിത്രമില്ല'[3] എന്നാണ് ഇ.എച്ച് കാർ അഭിപ്രായപ്പെടുന്നത്. ലഭ്യമായ ഉപാദാനങ്ങളുടെ വ്യാഖ്യാനങ്ങൾക്കസരിച്ച് ചരിത്രസത്യങ്ങൾക്ക് ചാഞ്ചാട്ടം സംഭവിക്കുന്നു. ചരിത്രം ഉപാദാനങ്ങളെ പഠിക്കുമ്പോൾ ചരിത്രരചനാശാസ്ത്രം ഉപാദാനങ്ങളുടെ വിശ്വാസ്യതയെപ്പറ്റി ,അതിന്റെ വിവിധതരം വ്യാഖ്യാനങ്ങളെപ്പറ്റി പഠിക്കുന്നു. പാഠത്തിന്റെ ആധികാരികതയും അപഭ്രംശവും അടിസ്ഥാനമാക്കിയാണ് ഉപാദാനങ്ങളുടെ വിശ്വാസ്യത തെളിയിക്കപ്പെടുന്നത്. ചരിത്രത്തോടുള്ള ചരിത്രകാരന്റെ സമീപനവും ഉപാദാന വിശകലനത്തിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പ്രത്യേക ലക്ഷ്യങ്ങൾക്കു വേണ്ടി ചരിത്രത്തെ ദുരുപയോഗിക്കാൻ പാടില്ല.

ചരിത്രരചനാരീതികളിലുള്ള വ്യത്യാസമാണ് അടുത്ത വിഷയം. മാർക്സിസ്റ്റ്, അനാൽ, സബാൾട്ടൺ തുടങ്ങി വിവിധതരം ചരിത്രരചനാരീതികളുണ്ട്. ഓരോ ചരിത്രകാരന്മാരും തങ്ങൾക്കനുയോജ്യമെന്ന് തോന്നുന്ന രീതിശാസ്ത്രം തെരഞ്ഞെടുക്കുന്നു. ഓരോ കാലഘട്ടത്തിലും ചരിത്രകാരന്മാർ ചരിത്രത്തെ വ്യത്യസ്തമായ ആശയസംഹിതകൾ അടിസ്ഥാനമാക്കിയാണ് പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഗ്രീക്കോ-റോമൻ ക്ലാസിക്കൽ കാലഘട്ടത്തിലെ ചരിത്രകാരന്മാർക്ക് ചരിത്രത്തോടുണ്ടായിരുന്ന സമീപനം മാനവികതയിലും യുക്തിചിന്തയിലും അധിഷ്ഠിതമായിരുന്നപ്പോൾ മധ്യകാല യൂറോപ്യൻ ചരിത്രസമീപനം വിശ്വാസത്തിലും അമാനുഷികതയിലും അടിയുറച്ചതായിരുന്നു. നവോത്ഥാനകാലത്ത് മാനവികതയ്ക്കും യുക്തിചിന്തയ്ക്കുമുണ്ടായിരുന്ന പ്രാധാന്യം തിരിച്ചുവന്നു. പിന്നീട് മതനിരപേക്ഷത, സ്വാതന്ത്ര്യബോധം, പൂർണ്ണത തുടങ്ങി ഒട്ടേറെ പുതിയ ആശയങ്ങൾ ചരിത്രരചനയിൽ കടന്നുവന്നു. ഇത്തരത്തിൽ ചരിത്രരചനാശാസ്ത്രം ചരിത്രകാരന് ഭൂതകാലത്തെക്കുറിച്ചുള്ള അറിവിൽ സംഭവിച്ചിട്ടുള്ള വളർച്ചയെ വളരെ ആഴത്തിൽ പഠനവിധേയമാക്കുന്നു.

മൂന്നാമത്തെ വിഷയം യാഥാസ്ഥിതികവ്യാഖ്യാനങ്ങളുടെ പൊളിച്ചെഴുത്താണ്. ഓരോ ചരിത്രസംഭവത്തെയും നാം വായിച്ചെടുക്കുന്നത് വർത്തമാനകാല സംഭവങ്ങളുമായി ബന്ധിപ്പിച്ചായിരിക്കും. ഭൂതത്തിന് ഭൂതമായി മാത്രം നിലനിൽക്കാൻ സാധ്യമല്ലാതായി തീർന്നിരിക്കുന്നു.

ISSN-2455-0736(Print)
ISSN-2456-4052(Online)

കാലംപുരോഗമിക്കുന്നതിനനുസരിച്ച് ചരിത്രവസ്തുതകളോടുള്ള സമീപനവും മാറുന്നു. ആദ്യകാലവ്യാഖ്യാനങ്ങൾ യാഥാസ്ഥിതികം അഥവാ പരമ്പരാഗതമാണെന്ന് തിരിച്ചറിയുന്ന ചരിത്രകാരൻ തിരുത്തൽവാദപരമായ സമീപനങ്ങൾ സ്വീകരിക്കുന്നു. പ്രാചീനകാലത്ത് ലഭ്യമായിരുന്ന അർദ്ധചരിത്രങ്ങളെ ആധുനികമണ്ഡലത്തിൽ പ്രതിഷ്ഠിക്കുകയാണ് ചരിത്രകാരന്മാർ ഇന്ന് ചെയ്യുന്നത്. മതാധിഷ്ഠിതചരിത്രവും മിത്തുകളും പുരാണകഥകളുമെല്ലാം ഒരു കാലത്ത് ചരിത്രമായി കരുതിയിരുന്നെങ്കിലും പിന്നീടുവന്നവർ അതിനെയൊക്കെയും ശാസ്ത്രീയമായി വിശകലനംചെയ്ത് ചരിത്രരചനയ്ക്ക് ഉപയുക്തമാക്കുകയാണുണ്ടായത്.

'ചരിത്രരചനാശാസ്ത്രം മനസ്സിലാക്കാതെയുള്ള ചരിത്രവായന അപൂർണവും ചരിത്രരചന അസാധ്യവുമാണ്.അതുകൊണ്ടാണ് ചരിത്രം എന്നൊന്നില്ലെന്നും ചരിത്രരചനാശാസ്ത്രം മാത്രമേ ഉള്ളൂ എന്നും ഉത്തരാധുനികചരിത്രകാരന്മാർ വാദിക്കുന്നത്'[4].ചരിത്രം എല്ലാ വിഭാഗം വായനക്കാർക്കും വേണ്ടി എഴുതപ്പെടുമ്പോൾ ചരിത്രരചനാശാസ്ത്രം ലക്ഷ്യമാക്കുന്നത് പ്രധാനമായും ചരിത്രഗവേഷകരെയും ചരിത്രകാരൻമാരെയും ആണ്. ഒരു അക്കാദമിക പഠനശാഖയെന്ന നിലയിൽ ചരിത്രത്തെക്കാൾ പ്രാധാന്യം ചരിത്രരചനാശാസ്ത്രത്തിനുണ്ട്. ചരിത്രകാരന്മാരുടെ ചരിത്രത്തോടുള്ള സൈദ്ധാന്തിക സമീപനമാണിത്. കൂടാതെ അങ്ങനെയൊരു സമീപനത്തിന് ചരിത്രകാരൻമാരെ പ്രേരിപ്പിച്ച സാമൂഹിക സാഹചര്യങ്ങളും ഇതിന്റെ ഭാഗമാണ്. ചരിത്രരചനയുടെ സങ്കീർണമായ ശാസ്ത്രപഠനത്തിലേക്ക് ചരിത്രരചനാശാസ്ത്രം വഴികൾ വെട്ടുന്നു.

തിരുവിതാംകൂർ രാജവംശത്തെപ്പറ്റി ഒട്ടനവധി ചരിത്രകൃതികളും മറ്റും ഇതിനോടകം തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ നിന്നൊക്കെ വേറിട്ടു നിൽക്കുന്ന രചനയാണ് മനു എസ്.പിള്ളയുടെ ദന്തസിംഹാസനം. തിരുവിതാംകൂർ രാജവംശത്തിന്റെ മുഴുവൻ ചരിത്രവും ഒരാവർത്തികൂടി പറഞ്ഞു പോകാനല്ല അതിലുപരി രാജവംശത്തിന്റെ അതിശയകരമായ നാൾവഴികൾ അടയാളപ്പെടു ത്താനാണ് ഗ്രന്ഥകാരന്റെ ശ്രമം. കൃത്യമായി പറഞ്ഞാൽ ചരിത്രം അവഗണിച്ച സേതുലക്ഷ്മിബായി എന്ന ഭരണാധികാരിയുടെ ചരിത്രം ആണിത്. തിരുവിതാം കൂറിന്റെ അവസാനത്തേതിനു തൊട്ടുമുൻപിലെ ഭരണാധികാരിയും കൂപകവംശ ത്തിന്റെ ദന്തസിംഹാസനത്തിലെ അവസാനത്തെ രാജ്ഞിയും ആയിരുന്നു സേതുലക്ഷ്മിബായി. സംഭവബഹുലമായിരുന്നു അവരുടെ ജീവിതം. അപ്രതീക്ഷി തമായി മഹത്തായ ഒരു രാജവംശത്തിലേക്ക് ദത്തുപോവുകയും വർഷങ്ങളോളം ഈ രാജവംശത്തിന്റെ തലപ്പത്തിരിക്കുകയും അവിചാരിതമായി ചരിത്രത്തിൽ മറവിയിലാണ്ടു പോവുകയും ചെയ്ത രാജ്ഞിയാണ് സേതുലക്ഷ്മിബായി. ഇവരുടെ ജീവിതകഥ വായനക്കാരിൽ ചരിത്രപുനർചിന്തയും ആവേശവുമുണർത്തു ന്നതായിരിക്കും എന്നതിൽ തർക്കമില്ല.

ഇത്തരത്തിൽ വായനാക്ഷമമായ ഒരു ഇതിവൃത്തത്തിന് തന്റെ കർമ്മനിരതമായ അന്വേഷണനിരീക്ഷണങ്ങളിലൂടെ ജീവൻ നൽകുകയാണ് ഗ്രന്ഥകാരൻ ചെയ്തത്. പറയുന്നത് സേതുലക്ഷ്മി ബായിയുടെ ജീവചരിത്രമാണെങ്കിലും അതിനെ തിരുവിതാംകൂർ ചരിത്രം എന്ന നിലയിലേക്ക് ഉയർത്താൻ അദ്ദേഹം ശ്രമിക്കുന്നു. ആ ശ്രമം വിജയകരമാണെങ്കിലും അല്ലെങ്കിലും പുതിയൊരു വായനാനുഭവവും ചരിത്ര

 ISSN-2455-0736(Print)
ISSN-2456-4052(Online)

സ്മൃതിയും നൽകുമെന്നത് തീർച്ചയാണ്. ചുരുക്കത്തിൽ തിരുവിതാംകൂർ ചരിത്രം സമം സേതുലക്ഷ്മി ബായിയുടെ ജീവചരിത്രം എന്ന സമവാക്യമാണ് 'ദന്തസിംഹാസന' ത്തിലുള്ളത്.

പുസ്തകത്തിന്റെ തുടക്കം 'കേരളത്തിന്റെ കഥ' എന്ന ആമുഖത്തോടെയാണ്. തിരുവിതാംകൂർ രാജവംശത്തിന്റെ കേന്ദ്രത്തിൽ എത്താൻവേണ്ടി അന്നത്തെ കേരളത്തിലെ രാഷ്ട്രീയ-സാംസ്കാരിക സ്ഥിതി എന്തായിരുന്നു എന്ന് വിലയിരുത്തുകയാണ് ഇതിൽ ചെയ്യുന്നത്.തുടർന്ന് തിരുവിതാംകൂർ രാജവംശത്തിന്റെ ഒരു വംശവൃക്ഷം നൽകിയിട്ടുണ്ട്.ഇടയ്ക്കിടെ നടന്ന ദത്തെടുക്കൽ ഉൾപ്പെടെ ഇതിൽ വിശദമായി,ലളിതമായി ചേർത്തിട്ടുണ്ട്.പിന്നീടുള്ള ഇരുപത് അധ്യായങ്ങളിലൂടെ തിരുവിതാംകൂർ ചരിത്രം പറയുന്നു. പരിസമാപ്തി എന്ന ഭാഗത്ത് സേതുലക്ഷ്മിബായിയുടെ ജീവിതത്തിന്റെ അവസാന കാലത്തെപ്പറ്റി വിവരിക്കുന്നു. പുസ്തകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് കുറിപ്പുകൾ. നൂറിലധികം പേജുകളിലായി ഈ കുറിപ്പുകൾ നീളുന്നു. താൻ ഉന്നയിക്കുന്ന ഓരോ കാര്യത്തിനും കൃത്യമായ തെളിവുകൾ /വിശദീകരണം നൽകാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വസ്തുതകളുടെ ആധികാരികതയെ പറ്റിയുള്ള ചോദ്യങ്ങൾക്ക് ഈ കുറിപ്പുകൾ ഉത്തരം നൽകുന്നു.നീണ്ട വർഷങ്ങളുടെ ഗവേഷണത്തിലൂടെ താൻ കണ്ടെത്തിയ കാര്യങ്ങൾ ആരാലും തള്ളപ്പെടാൻ സാധിക്കാത്ത വിധം വേരുറച്ചതാകണം എന്ന ഗ്രന്ഥകാരന്റെ മന:സ്ഥിതി ഈ കുറിപ്പുകളിൽ തെളിഞ്ഞു കാണുന്നു.

ഒരു ചരിത്രഗ്രന്ഥത്തിന്റെ ആധികാരികത നഷ്ടപ്പെടാതെ തന്നെ കലാസുഭഗമായി സംവിധാനം ചെയ്തിട്ടുള്ള ജീവചരിത്രരചനയാണ് ഇത്. എണ്ണൂറിലധികം പുറങ്ങളിലായി പടർന്നുകിടക്കുന്ന ഈ തിരുവിതാംകൂർ ചരിത്രരചനയുടെ ഉപാദാനങ്ങളെ മുൻനിർത്തിയുള്ള പഠനമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ചരിത്രത്തിന്റെയും ജീവചരിത്രത്തിന്റെയും ഉപാദാനങ്ങൾ കൂടിക്കലരുന്നതെങ്ങനെ എന്ന അന്വേഷണമാണിത്. അഥവാ ജീവചരിത്രരചനയുടെ ഉപാദാനങ്ങൾ ഫലപ്രദമായി എങ്ങനെ ചരിത്രരചനയ്ക്ക് ഉപാദാനമാക്കാനും ഉപയോഗിക്കാനും കഴിയും എന്ന അന്വേഷണമാണ്.

**1.2 അറിയപ്പെടാത്ത കേരളവർമ്മ**

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ പ്രത്യേകിച്ച് മലയാള സാഹിത്യ ചരിത്രത്തിൽ തിളങ്ങിനിൽക്കുന്ന മഹത്വമാർന്ന പണ്ഡിതവ്യക്തിത്വമാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ. തിരുവിതാംകൂർ രാജവംശത്തിലെ ഒരംഗം എന്നതിനേ ക്കാൾ തന്റെ പാണ്ഡിത്യവും പ്രാഗൽഭ്യവും കൊണ്ടാണ് അദ്ദേഹം ചരിത്രത്തിൽ ഇടം നേടിയത്. മലയാള ഭാഷയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ കൊണ്ട് 'മലയാളഗദ്യത്തിന്റെ പിതാവ്' എന്ന സ്ഥാനം നേടിയെടുക്കാൻ കേരളവർമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിന്റെ പാഠപുസ്തക കമ്മിറ്റിയുടെ അധ്യക്ഷനായിരുന്ന അദ്ദേഹം പ്രാഥമിക വിദ്യഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.കാളിദാസന്റെ അഭിജ്ഞാനശാകുന്തളം ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ട് 'കേരളകാളിദാസൻ'

എന്ന അപരനാമത്തിനും അർഹനായി. ചുരുക്കത്തിൽ മലയാളസാഹിത്യത്തിൽ ഒരു 'കേരളവർമ്മയുഗം' തന്നെ സൃഷ്ടിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്ന വ്യക്തിയെപ്പറ്റിയുള്ള സാമാന്യധാരണ ഇത്രയൊക്കെയാണ്. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി അദ്ദേഹത്തിന്റെ സ്വകാര്യജീവിതത്തിലേക്ക് ഒരുതരത്തിൽ പറഞ്ഞാൽ രാജകുടുംബവുമായി ബന്ധപ്പെട്ട ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ചില അനുമാനങ്ങൾ തെളിവുകൾ സഹിതം ഗ്രന്ഥകാരൻ നടത്തുന്നുണ്ട്. കേരളവർമ്മയുടെ വംശത്തിൽ നിന്നാണ് വർഷങ്ങളായി തിരുവിതാംകൂറിലെ റാണിമാരുടെ പള്ളിക്കെട്ടുകാരെ തിരഞ്ഞെടുത്തിരുന്നത്. 1859-ലാണ് റാണി സേതുലക്ഷ്മിബായിയെ കേരളവർമ്മ വിവാഹം ചെയ്തത്. രാജകുടുംബത്തിലെ മരുമക്കത്തായ വ്യവസ്ഥപ്രകാരം റാണിയുടെ പള്ളിക്കെട്ടുകാരനും രാജാവിന്റെ ഭാര്യയ്ക്കും അത്ര വലിയ സ്ഥാനം ഉണ്ടായിരുന്നില്ല. ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭാര്യയായിരുന്ന കല്യാണിപ്പിള്ള അതിഗംഭീരമായ വ്യക്തിത്വത്തിന്റെയും സ്വന്തമായ അഭിപ്രായങ്ങളുടെയും ഉടമയായിരുന്നു. മഹാരാജാവിന്റെ മരണത്തോടെ അവർക്ക് സ്വന്തം താമസസ്ഥലത്തേക്ക് ഒതുങ്ങിക്കൂടേണ്ടി വന്നു. ഇതുപോലെ തന്നെയാണ് റാണിയുടെ ഭർത്താവിന്റെയും കാര്യം. "കേൾക്കാൻ ഇമ്പമുള്ള സ്ഥാനപ്പേരുകൾ നൽകിയിരുന്നെങ്കിലും അവർക്കാർക്കും തന്നെ ശരിയായ അധികാരമോ രാജപദവിയോ ഉണ്ടായിരുന്നില്ല.ഭാര്യമാരെ സേവിക്കുകയും രാജവംശത്തിന്റെ അടുത്ത തലമുറയെ ഉൽപാദിപ്പിക്കുകയുമായിരുന്നു അവരുടെ പ്രധാനദൗത്യം"5.

വിവാഹാനന്തരം വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ കൊട്ടാരത്തിലെ സകലരുടെയും ഹൃദയം കീഴടക്കാൻ കേരളവർമ്മയ്ക്ക് സാധിച്ചു. സീനിയർ റാണിയുടെ പള്ളിക്കെട്ടുകാരൻ എന്ന നിലയിൽ ലഭിച്ച സമയവും മറ്റു സൗകര്യങ്ങളും തന്റെ പാണ്ഡിത്യത്തിന്റെ മൂർച്ച കൂട്ടാനായി അദ്ദേഹം ചിലവഴിച്ചു. മലയാളസാഹിത്യ രംഗത്ത് നേടിയ ഉയർച്ചകൾ എല്ലാം ഈ കാലഘട്ടത്തിലെ കഠിനാധ്വാനത്തിലൂടെ കൈവരിച്ചതാണ്. സാഹിത്യത്തിനു പുറമേ സംഗീതത്തിലും കായിക വിനോദങ്ങളിലും തൽപരനായിരുന്നു. തിരുവനന്തപുരത്തെ ആദ്യത്തെ ക്രിക്കറ്റ് ക്ലബ് സ്ഥാപിച്ചത് കേരളവർമ്മയാണ്. കുതിര സവാരിയിലും റൈഫിൾ ഷൂട്ടിങ്ങിലും വൈദഗ്ധ്യം ഉണ്ടായിരുന്നു. വീണ,സാരംഗി,ഫിഡിൽ എന്നിവ നന്നായി വഴങ്ങുമായിരുന്നു. സകലകലാവല്ലഭൻ ആയിരുന്ന വലിയകോയിത്തമ്പുരാൻ രാജസദസ്സിന്റെ അലങ്കാരമായി ശോഭിച്ചു നിന്നിരുന്നു.

1870-കളോടെ കൊട്ടാരവും അധികാര കേന്ദ്രങ്ങളുമായുള്ള അദ്ദേഹത്തിന്റെ ഊഷ്മളമായ ബന്ധത്തിന് ഉലച്ചിൽ തട്ടുന്നുണ്ട്. സീനിയർ റാണിയുടെ ചെറുപ്പക്കാരനായ പള്ളിക്കെട്ടുകാരനും സകലകലാവല്ലഭനും സർവോപരി സർവ്വസമ്മതനുമായ കേരളവർമ്മയുടെ ആത്മവിശ്വാസം കൊട്ടാരത്തിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇത് രാജാവുമായുള്ള പിണക്കത്തിന് കാരണമായി.അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിന് ചില വിലക്കുകൾ വീണു. റാണിയുമായുള്ള കൂടിക്കാഴ്ചകൾ പോലും നിരീക്ഷണ വിധേയമായി. "എത്രയും പ്രിയപ്പെട്ട മേജർ ഹേയ്, താങ്കൾ നമുക്ക് ബ്രിട്ടീഷ് സംരക്ഷണം നൽകണം എന്നുപറയുമ്പോൾ നാം മഹാരാജാവിനെതിരെ കലഹിക്കുകയാണെന്ന് ധരിക്കരുത്.

ISSN-2455-0736(Print)
ISSN-2456-4052(Online)

നമ്മുടെ ജീവൻ തന്നെ അപകടത്തിലാണ്"[6] എന്നു തുടങ്ങുന്ന, കേരളവർമ്മ റസിഡൻറിനെഴുതിയ കത്ത് തെളിവായി ഗ്രന്ഥകാരൻ ചേർക്കുന്നുണ്ട്. ഇതുപോലെതന്നെ ദിവാന് ഊമക്കത്തെഴുതി തെളിവു സഹിതം പിടിക്കപ്പെട്ടിട്ടും അത് നിഷേധിച്ചതിലൂടെ കള്ളം പറയുന്നവൻ എന്ന പ്രതിച്ഛായ കൂടി ഉണ്ടായി.

കേരളവർമ്മയുടെ തടവറജീവിതത്തെ പറ്റിയുള്ള സൂചനകൾ സാഹിത്യപ്രേമികൾക്ക് ലഭിക്കുന്നത് അദ്ദേഹത്തിന്റെ കൃതികളിലൂടെയാണ്. ഭാര്യയുമായുള്ള വിയോഗം സന്ദേശകാവ്യത്തിലെ വികാരതീവ്രതയ്ക്ക് കാരണമായി എന്നു പറയുന്നവരുണ്ട്. അതെന്തുതന്നെയായാലും ഇക്കാലയളവിൽ അദ്ദേഹം മഹാരാജാവിനെഴുതിയ ഒരു കത്ത് കേരളവർമ്മ എന്ന വ്യക്തിയെ ആഴത്തിൽ അടയാളപ്പെടുത്തുന്നതായി കാണാം. 'കേരളവർമ്മ, രാജ്യത്തിന്റെ തടവുകാരൻ' എന്ന വിലാസത്തിൽ എഴുതിയ ഈ കത്തിൽ തന്നെപ്പറ്റിയുള്ള ഒരുപാട് തുറന്നുപറച്ചിലുകൾ അദ്ദേഹം നടത്തുന്നുണ്ട്. സാഹിത്യരചനയിലൂടെയും മറ്റും നാം അറിഞ്ഞിരുന്ന പ്രാസവാദത്തിന്റെ അമരത്തിരുന്ന നിശ്ചയദാർഢ്യമുള്ള കേരളവർമ്മയല്ല ഈ കത്തിലുള്ളത്. കുറച്ചുകാലത്തെ തടവുജീവിതം അദ്ദേഹത്തിന്റെ മനക്കരുത്ത് വല്ലാതെ ചോർത്തിക്കളഞ്ഞിരുന്നു. വിവാദപരമായ എഴുത്തുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനു പുറമേ വേറെയും ചില കുറ്റങ്ങൾ കൂടി അദ്ദേഹം ഏറ്റുപറയുന്നുണ്ട്. "ഏറ്റവും താഴ്മയോടെയും പശ്ചാത്താപത്തോടെയും ഇനി പറയുന്ന തെറ്റുകളും കൂടി അടിമ ഏറ്റുപറയുന്നു.അനാവശ്യമായ ചില എഴുത്തുകുത്തുകൾ ചില വർത്തമാനപത്രങ്ങളുമായി നടത്തിയിട്ടുണ്ട്; എന്തുകൊണ്ടോ ഈയുള്ളവൻ ക്രിസ്തീയതയിലേക്ക് ആകൃഷ്ടനായിട്ടുണ്ട്; ആരോ ചിലർ വിഷം തന്നു എന്ന് അടിസ്ഥാനമില്ലാതെ സംശയിച്ചിട്ടുണ്ട്; മദ്യപാനമെന്ന ഏറ്റവും വർജ്ജ്യവും നിഷിദ്ധവും ആയ തിന്മയിലേക്ക് വീഴുകയും ഒരു തികഞ്ഞ മദ്യപനായി മാറുകയും ചെയ്തിട്ടുണ്ട്; കൂടുതൽ ശക്തമായ മയക്കുമരുന്നുകൾ തേടി ഭാംഗ് മുതലായ ചില വസ്തുക്കൾ അനിയന്ത്രിതമായി ഉപയോഗിച്ചിട്ടുണ്ട്"[7].

കേരളവർമ്മയുടെ തുറന്നുപറച്ചിലുകൾ ഇങ്ങനെ നീണ്ടു പോവുകയാണ്. കത്തിൽ ഉടനീളം അടിമ എന്ന വാക്ക് പതിനഞ്ചിലധികം തവണ ആവർത്തിച്ചു ഉപയോഗിക്കുന്നുണ്ട്. രാജകുടുംബാംഗമായി വിലസിയിരുന്ന ഒരാളുടെ പെട്ടെന്നുണ്ടായ അധ:പതനത്തിൽ നിന്നുണ്ടായ രാജഭക്തി ആണിത്. കുറ്റങ്ങൾ ഏറ്റു പറഞ്ഞിട്ടും രാജാവിന്റെ മനസ്സലിയിക്കാൻ കഴിഞ്ഞില്ല എന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. ആയില്യം തിരുനാളിന്റെ കാലശേഷം വിശാഖം തിരുനാൾ സ്ഥാനമേറ്റപ്പോൾ അദ്ദേഹത്തെ മോചിപ്പിക്കുകയും തുടർന്നുള്ള കാലം വിവാദങ്ങളിൽ ചെന്നുപെടാതെ കേരളവർമ്മ ജീവിക്കുകയും ചെയ്തു. 1914-ലാണ് കേരളവർമ്മ കാറപകടത്തിൽ മരണപ്പെടുന്നത്. മഹാരാജാവിന്റെ ഔദ്യോഗിക വാഹനങ്ങൾ അക്കാലത്ത് ഘനം കുറഞ്ഞവയായിരുന്നു. കാർ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ വേഷധാരികളായ അകമ്പടിക്കാർക്ക് നിൽക്കുവാൻ പാകത്തിലുള്ള പലകകൾ വശങ്ങളിൽ ഉണ്ടായിരിക്കും. മുമ്പിൽ ചാടിയ തെരുവുനായയെ ഓടിക്കാൻ അകമ്പടിക്കാരൻ ശ്രമിച്ചതു മൂലം കാർ തെന്നി നീങ്ങി കുഴിയിലേക്ക് മറിഞ്ഞു. കൂടെയുണ്ടായിരുന്ന എ്യ.ആർ. രാജരാജവർമ അടക്കമുള്ളവർക്ക് പരിക്കുകൾ പറ്റി.

ISSN-2455-0736(Print)
ISSN-2456-4052(Online)

ഈ അപകടം കേരളവർമ്മയുടെ ജീവനെടുത്തു. ഒരുപക്ഷേ കേരളത്തിലെ ആദ്യത്തെ വാഹനാപകടം ഇതാകാം എന്നാണ് പറയപ്പെടുന്നത്.

കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഗ്രന്ഥകാരൻ ഇക്കാര്യങ്ങളൊക്കെ സ്ഥാപിക്കുന്നത്.ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്നും മറ്റും കണ്ടെടുത്ത തെളിവുകൾ കുറിപ്പുകളായി ചേർത്തിട്ടുണ്ട്. പ്രശസ്തനായ കേരളവർമ്മയുടെ അറിയപ്പെടാത്ത ജീവിതത്തെ തെളിവുകളിലൂടെ കൂട്ടിയോജിപ്പിക്കാനാണ് മനു എസ്. പിള്ള ശ്രമിക്കുന്നത്.ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഭൂരിഭാഗം രേഖകളും ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിലെ ഇന്ത്യാ ഓഫീസ് ആർക്കൈവ്സ് രേഖകളാണ്. കേരളവർമ്മ എഴുതിയ ഊമക്കത്തടക്കം ബ്രിട്ടീഷ് ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നത് അത്ഭുതമുണർത്തുന്ന കാര്യമാണ്. ഗ്രന്ഥകാരൻ ഇതിന് വ്യക്തമായ വിശദീകരണം നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ രാജകുടുംബത്തിൽ നടക്കുന്ന സംഭവങ്ങൾ റസിഡന്റ് റിപ്പോർട്ട് ചെയ്യാറുണ്ടായിരുന്നു. രാജകുടുംബത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ നിഷ്പക്ഷമായി രേഖപ്പെടുത്തി വെക്കുന്നതു കൊണ്ടുതന്നെ ഇതുവരെ നമ്മൾ അറിയാത്ത പല കാര്യങ്ങളും വെളിച്ചത്തു വന്നു.

ഏറ്റവും ശ്രദ്ധേയമായ മറ്റൊരു കാര്യം ഇതൊക്കെയും വളരെ വ്യക്തിപരമായ രേഖകളിൽ നിന്ന് വായിച്ചെടുക്കുന്ന ചരിത്രമാണ് എന്നതാണ്. ജീവചരിത്രാംശം ഇവിടെ ചരിത്രരേഖയാവുകയാണ്. തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധം മാത്രമുള്ള ഒരാളുടെ വിവരങ്ങൾ ഇത്രയും ആഴത്തിൽ മനസ്സിലാക്കപ്പെടുമ്പോൾ രാജവംശത്തിന്റെ ചരിത്രാന്വേഷണത്തിൽ ഗ്രന്ഥകാരൻ എത്രത്തോളം ആഴ്ന്നിറങ്ങിയിട്ടുണ്ടാകും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഗൗരി ലക്ഷ്മി ബായിയുടെ മരണശേഷം സേതുലക്ഷ്മി ബായിയെയും സേതു പാർവതി ബായിയെയും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ രക്ഷാകർതൃത്വത്തിൻ കീഴിൽ ആക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെടുത്തിയാണ് കേരളവർമ്മയുടെ അറിയപ്പെടാത്ത ജീവിതം ചുരുളഴിയുന്നത്. ഗ്രന്ഥകാരൻ ശേഖരിച്ച വിവരങ്ങൾ ഔചിത്യഭംഗം ഇല്ലാതെ കൃത്യമായി കോർത്തിണക്കിയതിന്റെ തെളിവാണിത്.

### 1.3 സ്ത്രീകളും അധികാരവും

തിരുവിതാംകൂർ ചരിത്രം ദീർഘമായ ദത്തെടുക്കലിന്റെ കൂടി ചരിത്രമാണ്. സന്താന സമൃദ്ധിയുടെ കാര്യത്തിൽ തിരുവിതാംകൂർ കുടുംബം എന്നും പുറകിലായിരുന്നതുകൊണ്ടുതന്നെ വംശത്തിന്റെ നിലനിൽപ്പിനു വേണ്ടി കുലമഹിമയുള്ള മറ്റു കുടുംബങ്ങളിൽ നിന്ന് പലപ്പോഴും ദത്തെടുക്കേണ്ടി വന്നിട്ടുണ്ട്. രാജ്യം ഭരിക്കേണ്ട പുരുഷന്മാർക്കായിരുന്നില്ല, കുടുംബം നിലനിർത്തിക്കൊണ്ടു പോകേണ്ട സഹോദരിമാർക്കായിരുന്നു ക്ഷാമം ഉണ്ടായിരുന്നത്. കേരളത്തിന്റെ മരുമക്കത്തായക്രമത്തിൽ സ്ത്രീകൾക്ക് അനാദൃശ്യമായ സ്ഥാനം ഉണ്ടായിരുന്നതിനാൽ ഇത്തരമൊരവസ്ഥയിൽ രാജവംശം നിലനിർത്താൻ ദത്തെടുക്കലായിരുന്നു മുമ്പിലുള്ള ഏകവഴി.

'പതിനാലാം നൂറ്റാണ്ടുമുതൽക്കേ കേരളത്തിലെ മറ്റൊരു പുരാതന കുടുംബത്തിൽ നിന്ന് പെൺകുട്ടികളെ ദത്തെടുത്ത് റാണിമാരായി വാഴിക്കുകയും അവരിലുണ്ടാകുന്ന ആൺമക്കൾക്ക് രാജ്യം നൽകുകയും ചെയ്ത ചരിത്രം ഇവിടെയുണ്ട്'[8]. തിരുവിതാംകൂറിലെ പ്രസിദ്ധനായ രാജാവ് സംഗ്രാമധീരൻ കോലത്തിരി സ്വരൂപത്തിൽ നിന്ന് രണ്ട്

ISSN-2455-0736(Print)
ISSN-2456-4052(Online)

പെൺകുട്ടികളെ തന്റെ അനന്തരാവകാശികളായി ദത്തെടുക്കുന്നതിലൂടെയാണ് ഈ ചരിത്രം ആരംഭിക്കുന്നത് എന്നാണ് ഗ്രന്ഥകാരൻ അവകാശപ്പെടുന്നത്. ഈ ദത്തെടുക്കൽ മറ്റൊരുതരത്തിൽ കേരളത്തിലെ സ്ത്രീ വാഴ്ചയുടെയും കൂടി ആരംഭമായി മാറി.

പതിനാലാം നൂറ്റാണ്ടിൽ കൂപകവംശത്തിന്റെ സംസ്കാരം തനി കേരളീയമായിരുന്നില്ല, അത് തമിഴ് സംസ്കാരവുമായി ഏറെഅടുത്തു നിന്നിരുന്നു. കോലത്തിരി രാജാവിന് തന്റെ കുടുംബത്തിലെ പെൺകുട്ടികളെ തമിഴ് ചാർച്ചയുള്ള ഒരിടത്തേക്ക് ദത്തുനൽകാൻ സമ്മതമായിരുന്നില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ സംഗ്രാമധീരൻ ആറ്റിങ്ങൽ തലസ്ഥാനമാക്കി കൂപകരാജ്യത്തിന്റെ ഒരു ഭാഗം കോലത്തിരി നാടിന്റെ ചെറുമാതൃകയിൽ വളരെ വിദഗ്ധമായി മാറ്റിയെടുത്തു. ദത്തെടുത്ത റാണിമാർക്ക് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി സ്ത്രീകൾക്ക് ആ പ്രദേശം ജന്മമായി നൽകുകയും ചെയ്തു. ഇന്ത്യയിൽ തന്നെ പ്രശസ്തമായ ആറ്റിങ്ങൽ റാണിമാർ ഉണ്ടാകുന്നത് ഇങ്ങനെയാണ് . അയൽരാജ്യങ്ങളുമായി യുദ്ധങ്ങളിൽ ഏർപ്പെട്ടും വിദേശികളുമായി കരാറുകൾ ഉണ്ടാക്കിയും കുറേക്കാലം എല്ലാവിധ അധികാരങ്ങളോടുകൂടിയും ആറ്റിങ്ങൽ റാണിമാർ നാടു ഭരിച്ചു. മാർത്താണ്ഡവർമ്മയുടെ പടയോട്ടത്തിൽ ഔദ്യോഗികമായ ഒരു ഉടമ്പടിയിലൂടെ തിരുവിതാംകൂറിൽ ലയിക്കാൻ ആറ്റിങ്ങൽ റാണിമാർ നിർബന്ധിതരായി.

ആറ്റിങ്ങൽ റാണിമാർക്ക് ഉണ്ടായിരുന്ന അധികാരത്തെക്കുറിച്ച് പല ചരിത്രകാരന്മാരും പലതരം വീക്ഷണങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. "റാണിമാർ യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്ന അധികാരവും അവകാശങ്ങളും അവർക്കുണ്ടായിരുന്നു എന്ന് സമ്മതിച്ചു കൊടുക്കാൻ പല കാരണങ്ങൾകൊണ്ടും ചരിത്രകാരന്മാർ മടി കാണിക്കുന്നു"[9] എന്ന് മനു എസ് പിള്ള പറയുന്നു. ആറ്റിങ്ങൽ റാണിമാർക്ക് പരമാധികാരം ഉണ്ടായിരുന്നില്ലെന്നും ഭരണാധികാരമുള്ള കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയ്ക്കാണ് അവർക്ക് പ്രത്യേക സാമൂഹ്യപദവി ലഭിച്ചിരുന്നത് എന്നുമുള്ള ടി.കെ വേലുപ്പിള്ളയുടെയും ശ്രീധരൻമേനോന്റെയും അഭിപ്രായങ്ങളെ 'കഷ്ടമെന്നു പറയട്ടെ ഈ കാഴ്ചപ്പാടുകൾ തികച്ചും തെറ്റായതാണ്'10 എന്ന് പറഞ്ഞത് ഗ്രന്ഥകാരൻ ഖണ്ഡിക്കുന്നുണ്ട് .

ആറ്റിങ്ങൽ റാണിമാരുടെ അധികാരത്തെപ്പറ്റിയുള്ള തന്റെ വാദങ്ങൾക്ക് ബലമേകാൻ ഒരുപാട് പുസ്തകങ്ങളും മറ്റും കുറിപ്പുകളായി ഗ്രന്ഥകാരൻ ചേർത്തിട്ടുണ്ട്. ലീന മോറെയുടെ 'ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ആൻഡ് ദി ലോക്കൽ റൂളേർസ് ഇൻ കേരള' എന്ന പുസ്തകമാണ് പ്രധാനപ്പെട്ട റഫറൻസ് ആയി ഉപയോഗിച്ചിട്ടുള്ളത്.മറ്റൊന്ന് കെ.പി പത്മനാഭമേനോന്റെ 'കേരള ചരിത്ര'മാണ്. മാർത്താണ്ഡവർമ്മയുടെ കാലം വരേക്കും തിരുവിതാംകൂറിനോട് തോളോട് തോൾ ചേർന്ന് യുദ്ധം ചെയ്യുവാൻ പോലും ശക്തമായിരുന്ന ആറ്റിങ്ങലിലെ റാണിമാരുടെ പിന്നീടുണ്ടായ തളർച്ചയെയാണ് കേരളചരിത്രകാരന്മാർ അടിവരയിട്ടു പറഞ്ഞു കൊണ്ടിരുന്നത്. അവർക്കുണ്ടായിരുന്ന പ്രതാപപൂർവ്വമായ കാലത്തെ നിഷ്പ്രയാസം ചരിത്രകാരന്മാർ തള്ളിക്കളഞ്ഞു എന്ന് ഗ്രന്ഥകാരൻ ആരോപിക്കുന്നു.

ISSN-2455-0736(Print)
ISSN-2456-4052(Online)

ആറ്റിങ്ങൽ റാണിയായിരുന്ന ഉമയമ്മറാണിയെപ്പറ്റിയുള്ള വിവരങ്ങൾ വളരെ കൗതുകം നിറഞ്ഞതാണ്. ഉള്ളൂരിന്റെ 'ഉമാകേരള'ത്തിലൂടെ മലയാളികൾക്ക് സുപരിചിതമായ ഉമയമ്മ റാണിയെ അന്നത്തെ സാമൂഹിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ലഭ്യമായ തെളിവുകളിലൂടെ പുതുക്കിപ്പണിയാനുള്ള ശ്രമം ഗ്രന്ഥകാരൻ നടത്തുന്നു. "ലോകത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലും ലൈംഗികസ്വാതന്ത്ര്യം പുരുഷന്റെ കുത്തകയായിരുന്ന സമയത്ത് ഇന്ത്യയുടെ പടിഞ്ഞാറൻതീരത്തുള്ള ഈ ചിന്തുഭൂമിയിൽ സ്ത്രീകൾക്കും അതുണ്ടായിരുന്നു എന്നത് ഏറ്റവും ആശ്ചര്യകരമായ വസ്തുതയാണ്. ഉമയമ്മ അക്കാര്യത്തിൽ കുറച്ചുകൂടി മുന്നോട്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു"[11]. ഇതിന് തെളിവായി ലീന മോറെയുടെ പുസ്തകത്തിലെ ഉദ്ധരണികളാണ് ചൂണ്ടിക്കാണിക്കുന്നത്. "ഇരുണ്ടനിറക്കാരിയായ രാജ്ഞി ഒരിക്കൽ സുന്ദരനായ ഒരു വെള്ളക്കാരനിൽ തൽപരനായി; ആ ഇംഗ്ലീഷുകാരൻ രാജ്ഞിയെ അത്രയധികം തൃപ്തിപ്പെടുത്തിയതിനാൽ കൊട്ടാരം വിട്ടുപോരുമ്പോൾ രാജ്ഞി കൈനിറയെ സമ്മാനങ്ങളും കൊടുത്തു" [12]

എല്ലാ തരത്തിലും സ്വാതന്ത്ര്യം കൈയ്യാളിയിരുന്ന ഒരു റാണിയെ പിന്നീടുവന്ന വിക്ടോറിയൻ ധാർമികതയും സദാചാരശുദ്ധിക്രിയകളും ചേർത്ത് ഉള്ളൂരിന്റെ 'ഉമാകേരള'ത്തിലെ ഉമയമ്മ റാണിയാക്കി മാറ്റി എന്ന് മനു എസ്.പിള്ള കുറ്റപ്പെടുത്തുന്നു. ചരിത്രം എന്നത് പാറപോലെ ഉറച്ചതല്ലെന്നും പുതിയ തെളിവുകൾ ലഭിക്കുമ്പോൾ അതിനെ പുതിയ രീതിയിൽ വായിച്ചെടുക്കുക കൂടി വേണമെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. "ഉമയമ്മറാണിയെ പറ്റിയുള്ള സൂചനകൾ തനിക്കു ലഭിച്ചത് ഒരു ഇന്ത്യൻ സ്രോതസ്സിൽ നിന്നല്ല വിദേശത്തുനിന്നാണെന്ന്"[13] ഗ്രന്ഥകാരൻ ഒരു അഭിമുഖത്തിൽ പറയുന്നുണ്ട്. നമ്മുടെ സംസ്കാരത്തെയും ജീവിതരീതികളെയുമൊക്കെ അടയാളപ്പെടുത്തി വയ്ക്കുന്നതിൽ വിദേശികളുടെ ഭാഗത്തുനിന്നും നല്ല ശ്രമം തന്നെ ഉണ്ടായിട്ടുണ്ട്. ഇന്ത്യക്കാർക്ക് പൊതുവേ ചരിത്രവസ്തുതകൾ സൂക്ഷിക്കുന്നതിനോട് പ്രത്യേക താൽപര്യമുണ്ടായിരുന്നില്ല. പക്ഷേ ഇന്ത്യയെക്കുറിച്ച് വിദേശികളായ സഞ്ചാരികളും മറ്റും വ്യക്തമായ ചിത്രം രേഖപ്പെടുത്തിവെച്ചിട്ടുണ്ട് എന്നത് ഒരു അനുഗ്രഹമാണ്.

രാജാധികാരത്തിനകത്തെ സ്ത്രീവാഴ്ചയുടെയും വീഴ്ചയുടെയും സൂക്ഷ്മമായ ചിത്രം തിരുവിതാംകൂർ രാജ്യചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഉമയമ്മ റാണി തൊട്ട് സേതുലക്ഷ്മി ബായി വരെയുള്ള സ്ത്രീകൾ ഉയർച്ചയുടെയും താഴ്ചയുടെയും കൊടുമുടികൾ കണ്ടവരാണ്. അപ്രതീക്ഷിതമായി ലഭിച്ച അധികാരം കൊണ്ട് ഒരു രാജ്യത്തിന്റെ ഭരണാധികാരിയാവുകയും അതേ അധികാരം തന്നെ വീഴ്ചയിലേക്ക് തള്ളിയിടുകയും ചെയ്ത അനുഭവമാണ് സേതുലക്ഷ്മി ബായിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നത്. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സ്ത്രീ അധികാരത്തിന്റെ ഒരു ചുരുക്കചിത്രം പുസ്തകത്തിൽ തെളിയുന്നുണ്ട്.

**1.4 ചിട്ടവട്ടങ്ങളുടെ രാജകീയപരിസരം**

സാധാരണക്കാരിൽ നിന്ന് വ്യത്യസ്തമായി ഏറെ കൗതുകം നിറഞ്ഞ ചിട്ടവട്ട ങ്ങളുടെയും ആചാരരീതികളുടെയും ഒരുതരം പ്രഭാവലയം കൊട്ടാരജീവിതത്തി നുണ്ടായിരുന്നു. സ്വാഭാവികമായും ഭാഷ, ഭക്ഷണം ,വേഷവിധാനം തുടങ്ങി അവരുടെ

ISSN-2455-0736(Print)
ISSN-2456-4052(Online)

ജീവിതരീതികൾ സാധാരണയിൽ നിന്ന് വ്യത്യസ്തത പുലർത്തുന്നതായിരിക്കും. രാജകുടുംബത്തിനകത്തെ വ്യക്തികൾ, വസ്തുക്കൾ, പ്രവർത്തികൾ ഇവയെല്ലാം സൂചിപ്പിക്കാനായി പ്രത്യേകതരം ഭാഷാരീതി നിലനിന്നിരുന്നതായി കാണാം. ഇന്നു നമ്മളതിനെ 'ആചാരഭാഷ' എന്ന പേരിൽ വിശേഷിപ്പിക്കുന്നു. ഉദാഹരണമായി റാണിയുടെ ആഹാരം 'അമൃതേത്ത്' ആണ്. അവരുടെ പിറന്നാൾ 'തിരുനാളും' അവരുടെ ഗൃഹം 'കോവിലകം' ആണ്. ഇങ്ങനെ രാജസംബന്ധമായ എല്ലാത്തിനെയും സൂചിപ്പിക്കാൻ പ്രത്യേകതരം വാക്കുകളും ശൈലികളും ഉണ്ടായിരുന്നു.

കൊട്ടാരത്തിനകത്ത് ജാതിവ്യവസ്ഥ സ്ഥിരവും കൃത്യവുമായി പാലിക്കപ്പെട്ടു പോന്നിരുന്നതായി ഗ്രന്ഥകർത്താവ് പറയുന്നുണ്ട്. കൊട്ടാരത്തിലെ ഓരോ ജോലിക്കാരെയും നിയമിച്ചിരുന്നത് അവരുടെ ജാതി കൂടി നോക്കിയായിരുന്നു. പുറം പണിക്കാർ നായന്മാരും അന്തപുരത്തിലെ പരിചാരകരും അകം പണിക്കാരും ബ്രാഹ്മണരുമൊക്കെ ആയിരുന്നു.റാണിമാരുടെ കുളി വളരെ വിശാലമായിരുന്നു. വിശേഷദിവസങ്ങളിൽ കുളി തന്നെ ഒരു വലിയ ചടങ്ങായിരുന്നു. യൂറോപ്യന്മാർക്ക് റാണിയുമായുള്ള കൂടിക്കാഴ്ച അനുവദിച്ചിരുന്നത് രാവിലെ ഏഴുമണിക്ക് മുമ്പായിട്ടാണ്. അവർക്ക് കൈകൊടുത്ത് ശുദ്ധം മാറ്റേണ്ടി വന്നാൽ കുളിക്കാനുള്ള സൗകര്യത്തിനു വേണ്ടിയായിരുന്നു ഇത്. ഇവരെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ശിഷ്യർ ചവിട്ടി നിൽക്കുന്ന പരവതാനിയിൽ ചവിട്ടി നിൽക്കാനുള്ള അനുവാദം പോലും ഉണ്ടായിരുന്നില്ല. ഇത്തരത്തിൽ 'വീഴ്ച കൂടാതെ പിന്തുടരേണ്ട വിചിത്രവും പഴഞ്ചനുമായ ഒരു നിയമാവലിയും ആചാരരീതിയുമാണ് അവരുടെ ജീവിതത്തെ നിയന്ത്രിച്ചിരുന്നത്' [14].

ഗ്രന്ഥകർത്താവിന് അഭിമുഖത്തിലൂടെ ലഭിച്ച വിവരങ്ങൾ കൂടി ഇതിനോട് കൂട്ടിച്ചേർക്കുന്നുണ്ട്. വൈദ്യശാസ്ത്രത്തിൽ ഉയർന്ന യോഗ്യതകൾ ഉണ്ടായിരുന്ന ഡോക്ടർ ലക്ഷ്മണൻ താഴ്ന്ന ജാതിക്കാരൻ ആയിരുന്നതുകൊണ്ട് ഒരു ബ്രാഹ്മണനായ സഹായി രോഗിയെ തൊട്ടു നോക്കി ലക്ഷണങ്ങൾ മനസ്സിലാക്കി ഡോക്ടറോട് പറയുകയായിരുന്നു പതിവ്. 'ഇംഗ്ലണ്ടിലെ ഏറ്റവും അന്തസ്സാർന്ന സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയ ഡോക്ടർ അതുകേട്ട് ചികിത്സ തീരുമാനിക്കും'15 .ഈ ചിട്ടവട്ടങ്ങൾ പുറത്തു നിന്നു നോക്കുന്നവർക്ക് മോടിയേറിയതായി തോന്നുമെങ്കിലും അനുഭവിക്കുന്നവർക്ക് അങ്ങനെയായിരുന്നില്ല. സേതുലക്ഷ്മി ബായിയുടെ പൗത്രൻ അഭിപ്രായപ്പെടുന്നത്, "രാജകുടുംബാംഗം സ്വർണക്കൂട്ടിലെ അരുമപ്പക്ഷിയെ പോലെയാണ്. നിങ്ങളുടെ മേൽ എപ്പോഴും കണ്ണുണ്ടായിരിക്കുകയും നിങ്ങളെ സ്നേഹിച്ചും പാകം നോക്കിയും വഷളാക്കുകയും ചെയ്യും. നിങ്ങൾ തനിച്ചാകുന്ന സമയത്ത് മാത്രമേ കൂടിനെ കുറിച്ച് ഓർമ്മ വരികയുള്ളൂ"[16] എന്നാണ്. രാജകുടുംബത്തിന് ചുറ്റുമുള്ള പ്രത്യേക പരിവേഷം നിലനിർത്താൻ ഇത്തരം നിയമാവലികളും ആചാരാനുഷ്ഠാനങ്ങളും ആവശ്യമായിരുന്നു എന്നതാണ് യഥാർത്ഥ്യം.

പുസ്തകത്തിന്റെ ആദ്യത്തെ അധ്യായം സേതുലക്ഷ്മിയുടെ മുൻപിലത്തെ തലമുറയെ അഥവാ അധികാരസ്ഥിതി വെളിവാക്കുന്നതാണ്. രണ്ടാമത്തെ അധ്യായം കൂപക വംശത്തിന്റെ, തിരുവിതാംകൂർ രാജവംശത്തിലെ സ്ത്രീയധികാരത്തിന്റെ ചരിത്രം പറയുന്നു. ഇവ സേതുലക്ഷ്മി ബായിയിലേക്ക് എത്താനുള്ള പാലമായിട്ടാണ്

ISSN-2455-0736(Print)
ISSN-2456-4052(Online)

ഉപയോഗിച്ചിരിക്കുന്നത്. രണ്ടാം അദ്ധ്യായത്തിൽ തന്നെ ദത്തെടുക്കപ്പെട്ട റാണിമാരുടെ കൊട്ടാര ജീവിതത്തെപ്പറ്റിയും അപ്രതീക്ഷിതമായി അനുഭവിക്കേണ്ടി വന്ന മാറ്റങ്ങളെപ്പറ്റിയും വിശദീകരിക്കുന്നുണ്ട്. മൂന്നാമത്തെ അധ്യായം തൊട്ട് തിരുവിതാംകൂർ ചരിത്രം റാണി സേതു ലക്ഷ്മി ബായിയുടെ ജീവചരിത്രമായി മാറുന്നത് കാണാം.

രാജകൊട്ടാരത്തിനകത്ത് പാലിച്ചു പോന്നിരുന്ന ചിട്ടവട്ടങ്ങളെയും നിയമാവലികളെയും പറ്റിയുള്ള വിവരങ്ങൾ പലതരം സ്രോതസ്സുകളിൽ നിന്നാണ് ഗ്രന്ഥകാരൻ കണ്ടെത്തിയിരിക്കുന്നത്. ഇതിൽ കൊട്ടാരവുമായി ബന്ധമുണ്ടായിരുന്ന വിദേശികളുടെ കുറിപ്പുകൾ മുതൽ ഇവയെപ്പറ്റി കേട്ടറിവുള്ളവരുമായുള്ള അഭിമുഖങ്ങൾ വരെ ഉൾപ്പെടുന്നു. രാജകുടുംബവുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ പതിവു രീതിയിൽ നിന്ന് വ്യത്യസ്തമായി കൗതുകം തോന്നുന്ന കാര്യങ്ങളൊക്കെയും സഞ്ചാരികൾ ഉൾപ്പെടെയുള്ള വിദേശികൾ കൃത്യമായി രേഖപ്പെടുത്തിവെക്കുമായിരുന്നു. കൊട്ടാരത്തിനകത്തെ കർശനമായ ജാതിവ്യവസ്ഥയും അങ്ങനെ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്.

മറ്റൊന്ന് അഭിമുഖങ്ങളാണ്. രാജകുടുംബത്തിലെ ഇപ്പോഴത്തെ തലമുറയിൽ പെട്ടവരുടെ ഓർമകളും അനുഭവങ്ങളും രാജചരിത്രം രൂപപ്പെടുത്തുന്നതിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കൂടാതെ അന്നത്തെ ഭരണ സംവിധാനവുമായി ബന്ധമുണ്ടായിരുന്നവരുമായുള്ള അഭിമുഖങ്ങളിലൂടെ ലഭിച്ച അറിവുകളും കൃത്യമായി ഉപയോഗിച്ചിട്ടുണ്ട്. മൺമറഞ്ഞുപോയ വ്യക്തിയെ മനസ്സിലാക്കാൻ ജീവചരിത്രകാരന്മാർ പൊതുവേ ഉപയോഗിക്കുന്ന രീതി തന്നെയാണ് ചരിത്രനിർമ്മിതിയിൽ മനു.എസ്. പിള്ള സ്വീകരിച്ചിട്ടുള്ളത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. ജീവചരിത്രം അങ്ങനെ ചരിത്രമായി പരിണമിക്കുന്നു.

**1.5 ചരിത്രത്തിന്റെ ജീവചരിത്രവഴികൾ**

ദന്തസിംഹാസനം മൂന്നാം അധ്യായത്തിലെത്തുന്നതോടെ റാണി സേതുലക്ഷ്മി ബായിയുടെ ജീവചരിത്രമായി മാറുന്നുണ്ട്. ഭാവിയിൽ കൂപക വംശത്തിന്റെ ദന്തസിംഹാസനത്തിന്റെ അവകാശികളാകാൻ പോകുന്ന രണ്ട് റാണിമാരുടെ ജീവിതരീതികളും പഠനസമ്പ്രദായവും വിവാഹവും ഒക്കെ വിശദമായി ഇതിൽ വർണിക്കുന്നു . ജീവിതത്തിൽ അപ്രതീക്ഷിതമായി സംഭവിച്ച മാറ്റങ്ങൾ വലിയ ബഹളങ്ങളൊന്നും കൂടാതെ സേതുലക്ഷ്മി ബായി സ്വീകരിക്കുകയും കൊട്ടാരത്തിന്റെയും രാജവംശത്തിന്റെയും വ്യവസ്ഥിതിയോട് ഒട്ടിനിൽക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ സേതു റാണി പാർവതിബായി അല്പം നിഷേധാത്മക സ്വഭാവക്കാരിയായിരുന്നു എന്ന് ഗ്രന്ഥകർത്താവ് പറയുന്നു. ചെറുപ്പകാലത്ത് രണ്ടുപേരും ഉറ്റ സുഹൃത്തുക്കളായിരുന്നെങ്കിലും ഒരു പ്രായം എത്തുന്നതോടെ ഇത് മാറുന്നുണ്ട്.

സീനിയർ, ജൂനിയർ എന്ന വേർതിരിവ് പാർവതി ബായിയെ മുഷിപ്പിക്കുന്നുണ്ട്. തന്നെക്കാൾ വെറും ഒരു വയസ്സുമാത്രം കൂടുതലുള്ള സേതുലക്ഷ്മി ബായി ആറ്റിങ്ങൽ റാണിയായി അധികാരത്തോടെ വാഴുമ്പോൾ അവരുടെ നിഴലിൽ ഒതുങ്ങിക്കൂടേണ്ടി വന്ന ജൂനിയർ റാണിക്ക് വ്യവസ്ഥയോട് എതിർപ്പ് ഉണ്ടാകുന്നത് സ്വാഭാവികമാണ്.

ISSN-2455-0736(Print)
ISSN-2456-4052(Online)

ഇവർ രണ്ടുപേരുടെയും ഇടയിലുള്ള മാത്സര്യം വർധിക്കുന്നത് രാജ്യത്തിന്റെ അനന്തരാവകാശിയെ നൽകാനുള്ള സമയത്താണ് .അതൊരു നിർണായക ഘട്ടമായിരുന്നു. രാജവംശത്തിന് ആദ്യത്തെ ആൺകുട്ടിയെ നൽകുന്നയാൾക്ക് എല്ലാ അധികാരവും കിട്ടുകയും അവരുടെ മകൻ രാജാവാവുകയും ചെയ്യും. ഇത്തരത്തിൽ വളരെ നാടകീയമായവും അസ്വാഭാവികവും സംഭവവികാസങ്ങൾക്ക് തിരുവിതാംകൂർ രാജ്യം ഒട്ടനേകതവണ സാക്ഷിയായിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം .

മൂന്നാം അധ്യായം - 'മൂന്നു പങ്കാളികൾ' പ്രധാനമായും സീനിയർ - ജൂനിയർ റാണിമാരുടെ വിവാഹത്തെപ്പറ്റിയാണ് പറയുന്നത്. 1905-ൽ സേതുലക്ഷ്മി ബായിക്ക് പത്തു വയസ്സ് തികയുന്നതോടെ വിവാഹാലോചനകളും നടക്കാൻ തുടങ്ങി.ഇവർക്ക് അനുയോജ്യനായ വരനെ കണ്ടെത്താൻ രാജാവ് നിയോഗിച്ചത് റാണിമാരുടെ രക്ഷകർത്താവായ കേരളവർമ്മ വലിയ കോയിത്തമ്പുരാനെയാണ്. കേരളവർമ്മയുടെ വംശത്തിൽ നിന്നാണ് കാലങ്ങളായി തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് പള്ളിക്കെട്ടുകാരെ തിരഞ്ഞെടുത്തിരുന്നത് എന്നതും ഇതിനൊരു കാരണമായി. തന്റെ മരുമകനും സീനിയർ റാണിയുടെ പള്ളിക്കെട്ടുകാരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഒത്തിണങ്ങിയവനുമായ എ.ആർ. രാജരാജവർമ്മയെയാണ് കേരളവർമ്മ നിർദേശിച്ചത്. ഇതിനോടൊപ്പം തന്നെ എ.ആറിന്റെ അനുജനായ രാമവർമ്മയെയും കൂടെ കൂട്ടുന്നുണ്ട്. മറ്റു വഴികളിൽ നിന്നുള്ള ബന്ധങ്ങൾ ഒഴിവാക്കാനായിട്ടാണ് അദ്ദേഹം തന്റെ താവഴിയിൽ തന്നെയുള്ള രണ്ടുപേരെ നിർദേശിച്ചത്.

സകല കഴിവുകളും ഒത്തിണങ്ങിയ എ. ആർ രാജരാജവർമ്മയായിരിക്കും സീനിയർ റാണിയുടെ പള്ളിക്കെട്ടുകാരൻ എന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. 'പക്ഷേ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് ഒരു നിഷേധാത്മകമായ തലയാട്ടലോടെ റാണി ചൂണ്ടിക്കാണിച്ചത് കൃശഗാത്രനായ, പരിഭ്രാന്തനെന്നു തോന്നിച്ച ഇളയ സഹോദരനെയാണ്'[17]. ഏവർക്കും പ്രിയങ്കരനായിരുന്നു രാജരാജവർമ്മയുടെ തിരസ്കാരം എല്ലാവരെയും ഒരുപോലെ ചിന്താക്കുഴപ്പത്തിലാക്കി. തികച്ചും യോഗ്യനായ ഒരാളെ തഴഞ്ഞ് പ്രത്യേകതകൾ ഒന്നും അവകാശപ്പെടാനില്ലാത്ത രാമവർമ്മയെ സ്വീകരിച്ച റാണിയുടെ തീരുമാനം വലിയ ഒരു വൈവാഹിക ത്തെറ്റിലേക്കായിരിക്കും നീങ്ങുക എന്ന് എല്ലാവരും സംശയിച്ചിരുന്നു. സേതു ലക്ഷ്മി ബായിയുടെ പൗത്രിയായ രുക്മിണിവർമ്മ ഗ്രന്ഥകർത്താവിന് നൽകിയ അഭിമുഖങ്ങളിൽ നിന്നാണ് ഇക്കാര്യങ്ങളൊക്കെയും മനസ്സിലാക്കപ്പെടുന്നത്.

അനുജന്റെ ലോലവികാരങ്ങൾ പ്രതിഫലിക്കുന്ന മുഖവും അധികം വലിപ്പമില്ലാത്ത ശരീരവുമാണ് തന്നെ ആകർഷിച്ചതെന്ന് പ്രായം ചെന്ന കാലത്തുപോലും സേതുലക്ഷ്മി ബായി പറയുമായിരുന്നു എന്ന് കൊച്ചുമകൾ ഓർത്തെടുക്കുന്നുണ്ട്. പക്ഷേ അത് മുഴുവൻ സത്യമൊന്നുമായിരുന്നില്ല. രാജരാജവർമ്മയുടെ തിരസ്കാരത്തിന് പിന്നിൽ സേതുലക്ഷ്മി ബായിക്ക് അവരുടേതായ പെൺകാരണങ്ങൾ ഉണ്ടായിരുന്നിരിക്കാം എന്ന നിഗമനത്തിലേക്കാണ് ഗ്രന്ഥകാരൻ എത്തുന്നത്. 'വാക്കിലും പ്രവൃത്തിയിലും മിതത്വം പുലർത്തുന്ന തന്റെ അഭിരുചികൾക്ക് വ്യക്തിപ്രഭാവം ലേശം കുറഞ്ഞ അനുജനാണ് ചേരുക എന്നവർക്ക് തോന്നിക്കാണണം. രാജരാജവർമ്മയുടെ തീവ്രവ്യക്തിത്വം തന്നെ വല്ലാതെ ഉലച്ചു കളഞ്ഞു എന്ന് വർഷങ്ങൾക്കുശേഷം തന്റെ ഏറ്റവും പ്രിയപ്പെട്ട പൗത്രിയോട് റാണി സമ്മതിക്കുകയുണ്ടായിട്ടുണ്ട്'[18] എന്ന്

ISSN-2455-0736(Print)
ISSN-2456-4052(Online)

എഴുത്തുകാരൻ കൂട്ടിച്ചേർക്കുന്നുണ്ട്. റാണി സേതുലക്ഷ്മി ബായി രുക്മിണി വർമ്മയോട് തുറന്നു പറഞ്ഞ കാര്യങ്ങൾ അവരുടെ ജീവിതത്തിലെ നിർണായകമായ ഘട്ടമായിരുന്നു എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ആ ഭാഗം പൂരിപ്പിക്കാനുള്ള ശ്രമമാണ് ഗ്രന്ഥകാരൻ ഇതിലൂടെ നടത്തുന്നത്.

ഗ്രാമപ്രദേശത്തുനിന്നുള്ള പള്ളിക്കെട്ടുകാരനെ കൊട്ടാരത്തിന് അനുയോജ്യനാക്കി മാറ്റാനുള്ള പരിശ്രമങ്ങളെ പറ്റിയുള്ള വിവരണമാണ് അടുത്തതായി കൊടുത്തിരിക്കുന്നത്. കൂടുതൽ പരിഷ്കൃതമായ ഒരു കാഴ്ചപ്പാടുണ്ടാക്കാൻ വേണ്ടി രാമവർമ്മക്ക് സ്വകാര്യ അധ്യാപകരെ നിയമിച്ചു. തീൻമേശയിലെ മര്യാദകൾ അടക്കമുള്ള പാശ്ചാത്യസംസ്കാരം പരിചയപ്പെടുത്തിക്കൊടുത്തു. ഭാര്യയുടെ ഇംഗ്ലീഷ് പദസമ്പത്തിനോടൊപ്പം നിൽക്കാൻ ദിവസവും പത്ത് പുതിയ വാക്കുകൾ നിഘണ്ടുവിൽ നിന്ന് ഹൃദിസമാക്കുമായിരുന്നു എന്ന് അദ്ദേഹം കൊച്ചുമക്കളോട് തുറന്നു പറഞ്ഞിട്ടുണ്ട്. എല്ലാ വിഷയങ്ങളിലിമുള്ള പുസ്തകങ്ങളും വായിക്കു മായിരുന്നു. കായികവിനോദങ്ങളിലും ഫോട്ടോഗ്രാഫിയിലും തൽപരനായിരുന്നു. ഇങ്ങനെ കൊട്ടാരത്തിന് അനുയോജ്യനായി മാറാൻ രാമവർമ്മ വളരെ ആഴത്തിൽ പരിശ്രമിച്ചിട്ടുള്ളതായി കാണാം. വൈദ്യപരിശോധനയായിരുന്നു മറ്റൊരു പ്രധാന കാര്യം. പൊതുവെ സന്താന ലബ്ധിയിൽ പുറകിലായതു കൊണ്ടു തന്നെ അക്കാര്യത്തിൽ രാജകുടുംബം അങ്ങേയറ്റം ശ്രദ്ധാലുക്കളായിരുന്നു. 1906- ൽ ജൂനിയർ റാണി കിളിമാനൂർ കൊട്ടാരത്തിലെ രവിവർമയെ വിവാഹം ചെയ്യുന്നു.ഗ്രന്ഥകാരന്റെ കേന്ദ്രബിന്ദു സീനിയർ റാണിയായത് കൊണ്ടുതന്നെ ജൂനിയർ റാണിയുടെ വിവാഹത്തെ കുറിച്ച് ചുരുങ്ങിയ വിവരണം മാത്രമേ നടത്തുന്നുള്ളു. അവരുടെ വ്യക്തിത്വങ്ങൾ തമ്മിലുള്ള വ്യത്യാസം കൃത്യമായി സൂചിപ്പിക്കുന്നുണ്ട്.

ഇതൊക്കെയും കാണിക്കുന്നത് ദന്തസിംഹാസനം എന്ന ചരിത്രകൃതിയുടെ ജീവചരിത്രാത്മകമായ സ്വഭാവമാണ്. തിരുവിതാംകൂറിന്റെ ചരിത്രം പറയാൻ റാണി സേതുലക്ഷ്മി ബായിയെ തിരഞ്ഞെടുത്തിരിക്കുന്നു. എന്തുകൊണ്ട് സേതുലക്ഷ്മി ബായി എന്ന ചോദ്യത്തിന് ഗ്രന്ഥകാരൻ നൽകുന്ന മറുപടി ചരിത്രത്തിൽ തഴയപ്പെട്ട ഒരു വ്യക്തി ആയതുകൊണ്ടാണ് എന്നാണ്. അത് സത്യമാണുതാനും.ഏതു ചരിത്രകൃതി എടുത്തു നോക്കിയാലും തിരുവിതാംകൂറിന്റെ മറ്റെല്ലാ ഭരണാധികാരികളുടെയും വിശദവിവരങ്ങൾ നൽകുന്നുണ്ട്. മൂലംതിരുനാൾ കഴിഞ്ഞാൽ ചരിത്രം നേരെ സഞ്ചരിക്കുന്നത് ചിത്തിരതിരുനാളിലേക്കാണ് ഏഴുവർഷത്തോളം തിരുവിതാംകൂർ ഭരിച്ച പെൺകരുത്തിനെ എല്ലാ ചരിത്രകാരന്മാരും ഒറ്റവാക്കിലോ മറ്റോ ഒതുക്കുകയാണുണ്ടായത്.

മിക്ക ചരിത്രകാരന്മാരും അവഗണിച്ച ആ ഭരണാധികാരിയുടെ ജീവിതം ഒരു ചലച്ചിത്രത്തിലെന്നപോലെ അതിശയകരമായ വഴിത്തിരിവുകൾ നിറഞ്ഞതാണെന്നും അത് എല്ലാവരാലും അറിയപ്പെടുന്നതുമാകണം എന്നും മനു .എസ് പിള്ളയ്ക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് തന്റെ ചരിത്രകൃതി സേതുലക്ഷ്മി ബായിയുടെ ജീവചരിത്രം കൂടി ആവണമെന്ന് അദ്ദേഹം തീരുമാനിച്ചത്. രാജകുടുംബത്തെക്കുറിച്ച് എന്തുപറഞ്ഞാലും ഭക്തിമയമായിത്തീരുന്ന പതിവു രീതികളിൽ നിന്നും വ്യത്യസ്തമായി എല്ലാവരെയും മനുഷ്യരായി കണ്ടുകൊണ്ടുള്ള യുക്തിസഹമായ ചരിത്ര രചനയാണിത്. തന്റെ എഴുത്തുരീതിയെപ്പറ്റി ഗ്രന്ഥകാരൻ

ISSN-2455-0736(Print)
ISSN-2456-4052(Online)

ഒരു അഭിമുഖത്തിൽ പറയുന്നത് ഇങ്ങനെയാണ്; "അക്കാദമിക് ടെക്സ്റ്റ് ആയിട്ടല്ല ഇത് എഴുതിയിരിക്കുന്നത് . ലിറ്ററി നോൺ ഫിക്ഷൻ എന്ന രീതിയിലാണ് , ആൾക്കാർ ഓരോ പേജും പെട്ടെന്ന് വായിച്ചു തീർക്കുക എന്ന ലക്ഷ്യത്തോടെ എഴുതിയതാണ് അതുകൊണ്ട് തന്നെ ഓരോ വാക്കും വളരെ സൂക്ഷിച്ചാണ് ഉപയോഗിച്ചത്."[19]

ഗ്രന്ഥകാരന്റെ ഈ ലക്ഷ്യം വിജയത്തിൽ എത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല. കേരളത്തിനുള്ളിൽ വായിക്കപ്പെട്ടതിനേക്കാൾ കൂടുതൽ വായനയും നിരൂപണവും പുറത്തു നിന്നാണ് ലഭിച്ചിട്ടുള്ളത്. പ്രസിദ്ധീകരിച്ച് അഞ്ചുവർഷത്തോളമായിട്ടും ഇന്നും പുസ്തകം ചർച്ച ചെയ്യപ്പെടുനത് ഇതിനു തെളിവാണ്. ജീവചരിത്രത്തിന്റെ വായനാസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ചരിത്രരചനാരീതി വായനക്കാരെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. സാഹിത്യകാരഴുതുന്ന ജീവചരിത്രങ്ങൾ ഒരുകാലത്ത് നമ്മുടെ സാഹിത്യരംഗത്ത് സർവ്വസാധാരണമായിരുന്നു. അത്തരത്തിലുള്ള ജീവചരിത്ര കൃതികളിൽ നിന്നും ഘടനാപരമായും വസ്തുതാപരമായും വ്യത്യാസം പുലർത്തുന്നുണ്ട് ചരിത്രകാരൻ എഴുതുന്ന ജീവചരിത്ര കൃതികൾ. പ്രശസ്ത ചരിത്രകാരനും ജീവചരിത്രകാരനുമായ ബി. ആർ. നന്ദ പറയുന്നത് 'താനൊരു ചരിത്രകാരൻ അല്ലായിരുന്നെങ്കിൽ ഒരു ജീവചരിത്രകാരനും ആകില്ലായിരുന്നു'20 എന്നാണ്. ചരിത്രവും ജീവചരിത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിശാലമായ വീക്ഷണമാണിത്. വ്യക്തമായ ചരിത്രബോധ മില്ലാതെയുള്ള ജീവചരിത്രരചന അപൂർണവും അസാധ്യവുമാണ് .

ചരിത്രപഠനം കാണാപ്പാഠം പഠിത്തവും 'തീയതി വിഴുങ്ങ'ലും മാത്രമായി ശുഷ്കിച്ചിരിക്കുന്ന ഇന്നത്തെ കാലത്ത് ചരിത്രരചനയിലെ പുതിയ തന്ത്രങ്ങളിലൂടെ എല്ലാ വിഭാഗം വായനക്കാരെയും ഒരുപോലെ സ്വാധീനിക്കാൻ ഉത്തരാധുനിക ചരിത്രകാരന്മാർ ശ്രമിക്കുന്നുണ്ട്.' ദന്തസിംഹാസന'ത്തിൽ തിരുവിതാംകൂർ ചരിത്രം പറയാൻ എഴുത്തുകാരൻ ഉപയോഗിക്കുന്ന പുതിയ ചരിത്രരചനാ രീതിശാസ്ത്രം ജീവചരിത്രവുമായി ബന്ധപ്പെട്ടുള്ളതാണ്. പുരാതന ഇന്ത്യൻ ചരിത്രരചന നടന്നിരുന്നത് ഇത്തരം ജീവചരിത്ര കൃതികളിലൂടെയാണ് എന്നത് ഇവിടെ ഓർമിക്കാവുന്ന കാര്യമാണ്.ചരിത്രവും ജീവചരിത്രവും തമ്മിൽ വളരെ നേർത്ത അകലം മാത്രമേയുള്ളൂ. 'ദന്തസിംഹാസന' നിർമ്മിതി ചരിത്രത്തിന്റെയും ജീവചരിത്ര ത്തിന്റെയും രചനാരീതികളെ ഒരുപോലെ സംയോജിപ്പിച്ചുകൊണ്ടുള്ളതാണ്. പുസ്തകം അടിസ്ഥാനപരമായി ചരിത്രഗ്രന്ഥം ആണെങ്കിലും പ്രധാനമായും അതൊരു വ്യക്തിയുടെ ജീവചരിത്രമായി മാറുന്നുണ്ട്.ചരിത്രരചനയുടെ പതിവ് രീതിശാസ്ത്രം വച്ചുകൊണ്ടെഴുതിയ പുസ്തകങ്ങളേക്കാൾ കൂടുതൽ വായനക്കാരെ ആകർഷിക്കാൻ ജീവചരിത്രാത്മകമായ ചരിത്രമെഴുത്തിന് സാധിക്കുന്നുണ്ട്. ആത്മകഥാംശമുള്ള തുറന്നെഴുത്തുകൾക്ക് ഇന്ന് ലഭിക്കുന്ന സ്വീകാര്യത ജീവചരിത്രാത്മകമായ ചരിത്രരചനയ്ക്ക് ലഭിക്കാൻ സാധ്യതയേറെയാണ്. അത്തരത്തിലുള്ള ആദ്യ കൃതി എന്ന നിലയിൽ ദന്തസിംഹാസനത്തിന് ശ്രദ്ധേയമായ സ്ഥാനമുണ്ട്.ഇന്നലെവരെ കൂടുതലായും ജീവചരിത്ര രചനയ്ക്ക് ഉപയുക്തമാക്കിയിരുന്ന ഉപാദാനങ്ങൾ വളരെ യുക്തിസഹമായി ചരിത്ര രചനയ്ക്ക് ഉപയോഗിക്കുന്നുണ്ട്. വ്യക്തിനിഷ്ഠമായ ഉപാദാനങ്ങളിൽ നിന്ന് വസ്തുനിഷ്ഠമായ ഉപാദാനങ്ങളിലേക്ക് ചരിത്രരചന കേന്ദ്രീകരിക്കുന്നു.തിരുവിതാംകൂർ രാജവംശത്തിന്റെ ആരും പറയാത്ത കഥകൾ

ISSN-2455-0736(Print)
ISSN-2456-4052(Online)

/യാഥാർത്ഥ്യങ്ങൾ പറയാൻ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന ഭാഷയും അക്കാദമിക് ചരിത്രരചനയുടെ സാമ്പ്രദായിക ഭാഷാരീതിയിൽ നിന്ന് വ്യത്യസ്തമാണ്. ഏറ്റവും സാധാരണക്കാരനായ വായനക്കാരെ പോലും തൃപ്തിപ്പെടുത്തുന്ന ഭാഷാരീതിയാണിത്. അത് നോവലിന്റെ ഭാഷാരീതിയോട് അടുത്തു നിൽക്കുന്നുണ്ടെങ്കിലും കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഗൗരവകരമായ ചരിത്രസത്യങ്ങളാണ് പറയാൻ ശ്രമിക്കുന്നത്.

## 1.6 കുറിപ്പുകൾ

1. മുജീബുറഹ്മാൻ എം.പി, ചരിത്രമെഴുത്തിന്റെ ചരിത്രം , പുറം 4
2. അതേ പുസ്തകം , പുറം 4
3. EH Carr, what is History, 1961
4. മുജീബുറഹ്മാൻ എം.പി, ചരിത്രമെഴുത്തിന്റെ ചരിത്രം , പുറം 4
5. മനു . എസ് പിള്ള , ദന്തസിംഹാസനം, പുറം 53
6. അതേ പുസ്തകം, പുറം 101 - 102
7. അതേ പുസ്തകം, കുറിപ്പുകൾ, പുറം 746
8. അതേ പുസ്തകം, പുറം 54
9. അതേ പുസ്തകം, കുറിപ്പുകൾ, പുറം 740
10. അതേ പുസ്തകം, കുറിപ്പുകൾ , പുറം 741
11. അതേ പുസ്തകം, പുറം 84
12. അതേ പുസ്തകം , പുറം 85
13. https:// youtube/IxPwB7WeYJo , 15 May 2020, 01:11 PM
14. മനു . എസ് പിള്ള , ദന്തസിംഹാസനം , പുറം 92
15. അതേ പുസ്തകം , പുറം 91
16. അതേ പുസ്തകം, പുറം 92
17. അതേ പുസ്തകം, പുറം 108
18. അതേ പുസ്തകം, പുറം 109
19. https:// youtube/IxPwB7WeYJo ,15 May 2020, 01:50 PM
20. BR Nanda,Biography and History-Indian perspectives,page,247

## 1.7 ഗ്രന്ഥസൂചി

1. അബ്ദുറഹിമാൻ. കെ - ചരിത്രപഠനത്തിന് ഒരു ആമുഖം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1978

ISSN-2455-0736(Print)
ISSN-2456-4052(Online)

2. ഗോപാലകൃഷ്ണൻ നടുവട്ടം , ഡോ. - ജീവചരിത്രസാഹിത്യം മലയാളത്തിൽ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1983

3. ജോർജ് കെ.എം, ഡോ. - ആധുനികമലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ഡി.സി.ബുക്ക്സ് - 2018

4. ജോർജ് കെ എം. , ഡോ. - ജീവചരിത്ര സാഹിത്യം - നാഷണൽ ബുക്ക് സ്റ്റാൾ - 1982

5. ജോർജ് കെ.എം, ഡോ. - (എഡിറ്റർ) - ഭാരതീയ സാഹിത്യ ചരിത്രം - കേരള സാഹിത്യ അക്കാദമി - 1983

6. നാരായണൻ കെ.വി -ചരിത്രബോധനം - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് - 1999

7. പരമേശ്വരൻ പിള്ള എരുമേലി - മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ - ഡി.സി. ബുക്ക്സ് - 2015

8. മനു പിള്ള .എസ് - (IVORY THRONE) - ദന്തസിംഹാസനം (വിവർത്തനം - പ്രസന്ന വർമ്മ കെ) - ഡി.സി ബുക്ക്സ് - 2017

9. മുജീബുറഹിമാൻ എം.പി - ചരിത്രമെഴുത്തിന്റെ ചരിത്രം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2008

10. രാമചന്ദ്രൻ നായർ പന്മന - പ്രൊഫ. (എഡിറ്റർ) - പി.കെ പരമേശ്വരൻ നായരും ജീവചരിത്ര സാഹിത്യവും - പി.കെ പരമേശ്വരൻ നായർ മെമ്മോറിയൽ ട്രസ്റ്റ് - 2006

11. ശ്രീധരമേനോൻ എ. - കേരള ചരിത്രം - ഡി.സി ബുക്ക്സ് - 2019

12. Alun munslow-Narrative and History-Palgrave macmillan-2016

13. Barbara Caine-Biography and History-palgrave Macmillan-2016

14. Carr.E H-What is History-London-1961

15. Maurois Andre-Aspects of Biography-1927

16. Sreedharan. E-A Text book of Historiography-Orient Blackswan private Limited-2010

17. Vijaya Ramaswamy and Yogesh sharma (edited)-Orient Blackswan Private Limited-2009